സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്കരണം

63 (68) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മാന്വൽ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും യന്ത്രസാമഗ്രികളും ഉപയോഗിച്ചു തുടങ്ങിയതിനുശേഷം ആയതിൽ കാലികമായ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് മാന്വൽ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് 1996-ൽ ആണ്

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയിലെ പരീക്ഷ

64 (69) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ HSA ഗണിതശാസ്ത്രം തസ്തികയുടെ കാറ്റഗറി നമ്പർ (661/12) പരീക്ഷ നാളിതുവരെ നടത്താത്തത് ചോദ്യപേപ്പർ ലഭ്യമാകാത്തതു മൂലമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ നടത്തുന്നതിന് ആവശ്യമായ ചോദ്യപേപ്പർ ലഭിച്ചിട്ടുണ്ടോ ;

(സി) പരീക്ഷ എന്നത്തേക്ക് നടത്താൻ സാധിക്കും എന്നു വ്യക്തമാക്കുമോ; ഇല്ലെങ്കിൽ തീയതി നിശ്ചയിക്കാൻ സാധിക്കാത്തതിന്റെ ഭരണ-സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പരീക്ഷാ തീയതി നിശ്ചയിച്ചിട്ടില്ലാത്തതിനാലാണ് ടി പരീക്ഷ നാളിതുവരെ നടത്താത്തത്.

(ബി) പരീക്ഷാ തീയതി നിശ്ചയിക്കുന്നതിനനുബന്ധമായി ചോദ്യപേപ്പറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചു വരുന്നുണ്ട്.

(സി) പരീക്ഷാതീയതി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിക്കുന്ന മുറയ്ക്ക്, പരീക്ഷ നടത്തുന്നതായിരിക്കും. ആയതിന് ഭരണ-സാങ്കേതിക തടസ്സങ്ങൾ ഒന്നുംതന്നെ നിലവിലില്ലായെന്നും അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly